# കേരള സർവകലാശാല

നം. പി.ആർ.134/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ആർക്ക് പരീക്ഷ

കേരള സർവകലാശാലയുടെ നാല്, ഒൻപത് സെമസ്റ്റർ ബി.ആർക്ക് (2008 സ്കീം) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്സി നഴ്സിംഗ് പരീക്ഷ

കേരള സർവകലാശാല 2017 ആഗസ്റ്റ് മൂന്നിന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.എസ്സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ 11 (50 രൂപ പിഴയോടെ ജൂലൈ 13, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂലൈ 15) വരെ ഫീസടച്ച് അപേക്ഷിക്കാം. 2009-ന് മുമ്പ് അഡ്മിഷൻ നേടിയവർക്ക് അപേക്ഷിക്കാൻ സാധിക്കില്ല.

### ബി.ഫാം ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ രണ്ടാം വർഷ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ജൂലൈ 10 വരെ അപേക്ഷിക്കാം.

### കോൺട്രാക്റ്റ് ലക്ച്ചറർ അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയുടെ യു.ഐ.ടി-കളിലേക്ക് കമ്പ്യൂട്ടർ സയൻസ്, ബിസിനസ് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ കോൺട്രാക്റ്റ് ലക്ച്ചറർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകളുടെ പകർപ്പ്, ഫീസടച്ച രസീത്/ഡ്രാഫ്റ്റ് എന്നിവയോടൊപ്പം ജൂൺ 27 വൈകുന്നേരം അഞ്ച് മണിക്ക് മുമ്പായി തിരുവനന്തപുരത്തുള്ള സർവകലാശാല ആസ്ഥാനത്ത് എത്തിക്കേണ്ടതാണ്. വിശദവിവരങ്ങളും അപേക്ഷാഫോമും (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

### വനിതാ ഹോസ്റ്റൽ പ്രവേശനം: ഇപ്പോൾ അപേക്ഷിക്കാം

കേരള സർവകലാശാലയുടെ കീഴിലുള്ള ഗവൺമെന്റ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിനികൾക്ക് തൈക്കാടുള്ള സർവകലാശാല വനിതാ ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിലും നിലവിലുള്ള ഹോസ്റ്റൽ നിയമങ്ങളും അനുസരിച്ചായിരിക്കും. ഈ അധ്യയന വർഷം മുതൽ ഹോസ്റ്റൽ പ്രവേശന ത്തിനുള്ള അപേക്ഷകൾ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളു. (www.hostel.keralauniversity.ac.in) എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ സമർപ്പി ക്കാം.

### ക്ലാസുകൾ ഇല്ല

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന കോഴ്സുകൾക്ക് ജൂൺ 24, 25 തീയതികളിൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല.

## സൗജന്യ യോഗ ക്ലാസ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം അന്തർ ദേശീയ യോഗാ ദിനത്തോടനുബന്ധിച്ച് ജൂൺ 14 മുതൽ മ്യൂസിയം കോംപ്ലക്സിൽ പൊതുജനങ്ങൾക്കായി സൗജന്യ യോഗ ക്ലാസ് നടത്തിവരുന്നു. ക്ലാസ് രാവിലെ ആറ് മണി മുതൽ ഏഴ് മണി വരെയാണ്. ജൂൺ 21-ന് ക്ലാസുകൾ സ മാപിയ്ക്കും.



(അടിക്കുറിപ്പ്:- കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം അന്തർ ദേശീയ യോഗാ ദിനത്തോടനുബന്ധിച്ച് നടക്കുന്ന സൗജന്യ യോഗ പരിശീലന ക്ലാസിൽ നിന്നും)

## ബി.ടെക് പരീക്ഷ തീയതി മാറ്റം

കേരള സർവകലാശാല ജൂൺ 22-ന് തുടങ്ങാനിരുന്ന നാലാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷ ജൂലൈ നാല് മുതൽ ആരംഭിക്കും. പുതു ക്കിയ ടൈംടേബിൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല ജൂൺ /ജൂലൈയിൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷയ്ക്ക് 2006 അഡ്മിഷൻ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. പ്രസ്തുത വിദ്യാർത്ഥികൾ അവരുടെ പരീക്ഷാഫീസ് പിഴ കൂടാതെ ജൂൺ 27 (50 രൂപ പിഴയോടെ ജൂൺ 28, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂൺ 29) വരെ അപേക്ഷിക്കാം.

## ബി.കോം ആന്വൽ സ്കീം പരീക്ഷ

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ പാർട്ട് ഒന്ന്, രണ്ട് ബി.കോം ആന്വൽ സ്കീം പരീക്ഷയ്ക്ക് പരാജയപ്പെട്ട ഓൺലൈനായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ ഓൺലൈനായി (www.de.keralauniversity.ac.in) എന്ന വെബ്സൈറ്റ് വഴി പിഴ കൂടാതെ ജൂൺ 24 (50 രൂപ പിഴയോടെ ജൂൺ 27, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂൺ 29) വരെ അപേക്ഷിക്കാം.

## അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയുടെ യു.ഐ.എം-കളിലേക്ക് കരാറടിസ്ഥാനത്തിൽ പ്രിൻസിപ്പാൾ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയിലേക്ക് കരാറടിസ്ഥാനത്തിൽ എസ്റ്റേറ്റ് ഓഫീസർ നിയമനത്തിനായി റിട്ടയേർഡ് ഡെപ്യൂട്ടി കളക്ടർമാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## ബി.എസ്സി, ബി.കോം ഫലം

കേരള സർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.എസ്സി, ബി.കോം (സി.ബി.സി.എസ്.എസ്) പരീക്ഷാഫലം (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

തിരുവനന്തപുരം.
19.06.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098